"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല ശ്രീ.എൻ.പ്രശാന്ത് IASന് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.725/2024/AGRI തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:-

1. 25.08.2023ലെ സ.ഉ(സാധാ)നം.852/2023/കൃഷി
2. കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ 29.04.2024ന് നടന്ന 397-ാം മത് ഡയറക്ടർ ബോർഡ് യോഗത്തിൽ കൈക്കൊണ്ട 4316 നമ്പർ തീരുമാനം

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ.കെ.പി.ശശികുമാറിനെ കരാർ നിയമന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് (25.08.2023 മുതൽ 24.08.2024) കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ (KAMCO) ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും നിയമിക്കുകയുണ്ടായി.

2. ശ്രീ.കെ.പി.ശശികുമാറിന്റെ നിയമന കാലാവധി 24.08.2024ന് അവസാനിക്കുന്ന സാഹചര്യത്തിൽ മാനേജിംഗ് ഡയറക്ടറായി ഒരു വർഷത്തേയ്ക്ക് കൂടി ടിയാന്റെ നിയമന കാലാവധി നീട്ടി നല്കുവാൻ പരാമർശം (2) പ്രകാരമുള്ള ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയുമുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായിട്ടുള്ള ശ്രീ.കെ.പി.ശശികുമാറിന്റെ നിയമന കാലാവധി നീട്ടി നല്കേണ്ടതില്ലായെന്നും, പകരം ടിയാന്റെ നിയമന കാലവധി 24.08.2024ന് അവസാനിക്കുന്ന മുറയ്ക്ക് കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല കാർഷിക വികസന കർഷകക്ഷേമ സ്പെഷ്യൽ സെക്രട്ടറി ശ്രീ.എൻ.പ്രശാന്ത് IASന് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

PRINCIPAL SECRETARY & APC

1. ശ്രീ.എൻ.പ്രശാന്ത്.IAS, സ്പെഷ്യൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ

3. ഡയറക്ടർ ബോർഡ് അംഗങ്ങൾ, കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ( മാനേജിംഗ് ഡയറക്ടർ മുഖേന)
4. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്